ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 06.10.2025**

## പ്രധാനവാർത്തകൾ

1. **രാഷ്ട്രപതി ദ്രൗപദി മുർമു മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 22 ന് കേരളത്തിലെത്തും. ശബരിമല ക്ഷേത്രത്തിൽ ദർശനം നടത്തും.**

2. **ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.**

3. **ശബരിമല വിഷയത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച ഹൈക്കോടതി വിധി സ്വാഗതം ചെയ്യുന്നതായി മന്ത്രി വി എൻ വാസവൻ.**

4. **ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പ് തീയതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും.**

5. **സംസ്ഥാനത്ത് മറ്റെന്നാൾ മുതൽ മഴ ശക്തി പ്രാപിക്കും. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.**

6. **"ഐക്യത്തോടെ അതുല്യമായി" എന്ന സന്ദേശവുമായി ഇന്ന് ലോക സെറിബ്രൽ പാൾസി ദിനം.**

RNU TVPM

***********************************

## രാഷ്ട്രപതി കേരളത്തിൽ

രാഷ്ട്രപതി ദ്രൗപദി മുർമു മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 22 ന് കേരളത്തിലെത്തും. ഈ മാസം 24 വരെയാണ് സന്ദർശനം. ഇത് സംബന്ധിച്ച് രാഷ്ട്രപതി ഭവനിൽ നിന്ന് സംസ്ഥാന സർക്കാരിന് ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചു. 22 ന് ഉച്ചയ്ക്ക് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തുന്ന രാഷ്ട്രപതി ശബരിമലയിലേക്ക് പോകും. രാജ്ഭവനിൽ 23 ന് നടക്കുന്ന പരിപാടിയിൽ പങ്കെടുത്ത ശേഷം രാഷ്ട്രപതി കുമരകത്തേക്ക് പോകും. ഈ മാസം 24 ന് പാലായിലെ പരിപാടിയിൽ പങ്കെടുത്ത ശേഷം ശ്രീമതി മുർമു നെടുമ്പാശ്ശേരി വിമാനത്താവളം വഴി ഡൽഹിക്ക് മടങ്ങും.

******************************

## ശബരിമല .. (ഇൻട്രോ)

ശബരിമലയിൽ തുലാംമാസ പൂജ തൊഴാൻ രാഷ്ട്രപതി ദ്രൗപദി മുർമു 22 ന് എത്തും. രാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളിൽ വരും ദിവസങ്ങളിൽ തീരുമാനമുണ്ടാകും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

**(വോയ്സ്)**

******************************

## നിയമസഭ- പ്രതിഷേധം (ഇൻട്രോ)

ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം.ചോദ്യോത്തരവേള തടസ്സപ്പെടുത്തരുതെന്ന്

RNUTVPM

സ്പീക്കർ നിർദ്ദേശിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടർന്നു. ഇന്നത്തേക്ക് പിരിഞ്ഞ സഭ നാളെ വീണ്ടും ചേരും.

**വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി......**

(വോയിസ്)

******************************

## വി.എൻ.വാസവൻ-നിയമസഭ

ശബരിമല ക്ഷേത്രത്തിലെ സ്വർണ്ണപ്പാളി വിഷയത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച ഹൈക്കോടതി വിധി സ്വാഗതം ചെയ്യുന്നതായി ദേവസ്വം മന്ത്രി വി എൻ വാസവൻ. കോടതി നിർദേശിച്ച അന്വേഷണ സംഘം വസ്തുത കണ്ടെത്തുമെന്നും അദ്ദേഹം നിയമസഭയ്ക്ക് പുറത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നിയമസഭയിലെ ചോദ്യോത്തരവേള തടസ്സപ്പെടുത്തിയ പ്രതിപക്ഷ നടപടി ജനാധിപത്യ വിരുദ്ധമാണെന്നും ശ്രീ വി എൻ വാസവൻ പറഞ്ഞു.

RNU TVPM

******************************

## വി.ഡി.സതീശൻ- സ്വർണ്ണപാളി

ശബരിമലയിൽ സ്വർണപ്പാളിയുടെ അറ്റകുറ്റപണികളുമായി ബന്ധപ്പെട്ട് നടന്നത് വളരെ ഗൗരവമുള്ള വിഷയമെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ. തെളിവുകൾ ഉണ്ടായിരുന്നിട്ടും ദേവസ്വം ബോർഡും സർക്കാരും യാതൊരു ക്രിമിനൽ നടപടിയും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ലെന്നും അദ്ദേഹം നിയമ സഭയ്ക്ക് പുറത്തു മാധ്യമപ്രവർത്തകരോട് പറഞ്ഞു. വിഷയം സിബിഐ അന്വേഷിക്കണമെന്നും ദേവസ്വം മന്ത്രി രാജി വയ്ക്കണമെന്നും ശ്രീ വി ഡി സതീശൻ ആവശ്യപ്പെട്ടു .

********************************

## തദ്ദേശ തിരഞ്ഞെടുപ്പ് വോട്ടർപട്ടിക

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ ഈ മാസം 14 വരെ പേര് ചേർക്കാൻ അവസരം. ഇതുവരെ 63,405 അപേക്ഷകളാണ് ലഭിച്ചത്. കരട് വോട്ടർ പട്ടിക എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻറെ sec.kerala.gov.in എന്ന വെബ് സൈറ്റിലും ലഭ്യമാണ്. അന്തിമ വോട്ടർ പട്ടിക ഈ മാസം 25 ന് പ്രസിദ്ധീകരിക്കും.

********************************

## അമീബിക് മസ്തിഷ്ക ജ്വരം

RNU TVPM

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരു കുട്ടിയെ കൂടി കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലപ്പുറം സ്വദേശിനിയായ ആറ് വയസ്സുകാരിയാണ് ചികിൽസയിലുള്ളത്. നിലവിൽ രണ്ട് കുട്ടികളാണ് ചികിൽസയിൽ തുടരുന്നത്.

********************************

## ജൈവവൈവിധ്യ സംരക്ഷണ പരിപാടി

സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ നിയമസഭാ അംഗങ്ങൾക്കായി സംഘടിപ്പിക്കുന്ന ജൈവവൈവിധ്യ സംരക്ഷണ പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും.ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ മുഖ്യമന്ത്രി വിതരണം ചെയ്യും. കേരള ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതിരേഖയും ചടങ്ങിൽ പുറത്തിറക്കും. പരിപാടിയുടെ

ഭാഗമായി പുതുക്കിയ ജൈവവൈവിധ്യ നിയമവും ചട്ടവും സംബന്ധിച്ച് എം.എൽ.എ.മാരുമായി സമ്പർക്ക സദസ് നടത്തും.

*******************************

## ജി എസ് ടി പരിഷ്കാരങ്ങൾ

പുതുതലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ ജമ്മു കശ്മീരിന്റെ സമ്പദ്‌വ്യവസ്ഥയിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവന്നു. ജമ്മു കശ്മീരിൽ കരകൗശല വസ്തുക്കൾ, കാർഷിക ഉൽപ്പന്നങ്ങൾ, ടൂറിസം, പ്രാദേശിക ഉൽപ്പന്നങ്ങൾ എന്നിവയുടെ ജിഎസ്ടി 12% ൽ നിന്ന് 5% ആയി കുറച്ചത് ചെലവ് കുറയ്ക്കുന്നതിനും പ്രാദേശിക വ്യവസായങ്ങളെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിനും സഹായിക്കുന്നു.

*******************************

## ഗതാഗത നിയന്ത്രണം

ആലപ്പുഴ ചങ്ങനാശ്ശേരി - എ സി റോഡിലെ പള്ളാത്തുരുത്തി പാലത്തിൻ്റെ നവീകരണ പ്രവർത്തികളുടെ ഭാഗമായി ഇന്ന് മുതൽ ഗതാഗത നിയന്ത്രണം. രാത്രി ഒമ്പത് മണി മുതൽ നാളെ രാവിലെ അഞ്ച് മണി വരെ പാലത്തിലൂടെയുള്ള ഗതാഗതം പൂർണ്ണമായും നിരോധിച്ചു. ചങ്ങനാശ്ശേരിയിൽ നിന്നും വരുന്ന വാഹനങ്ങൾ ചങ്ങനാശ്ശേരി - പൂപ്പള്ളി ജംഗ്ഷൻ - ചമ്പക്കുളം - എസ്.എൻ കവല - ആലപ്പുഴ വഴിയും ആലപ്പുഴയിൽ നിന്നും വരുന്ന വാഹനങ്ങൾ ആലപ്പുഴ - എസ്.എൻ കവല - ചമ്പക്കുളം - പൂപ്പള്ളി ജംഗ്ഷൻ വഴിയോ അമ്പലപ്പുഴ തിരുവല്ലാ റോഡ് വഴിയോ പോകേണ്ടതാണ്.

*******************************

PNU TVPM

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും........

(ബ്രേക്ക്)

*******************************

## ബീഹാർ - തിരഞ്ഞെടുപ്പ്

ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പ് തീയതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും. ഉച്ചയ്ക്ക് ശേഷമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻറെ വാർത്താസമ്മേളനം. അടുത്തമാസം 22 നാണ് നിയമസഭയുടെ കാലാവധി അവസാനിക്കുന്നത്. 243 അംഗ നിയമസഭയിലേക്കാണ് തിരഞ്ഞെടുപ്പ്.

*******************************

## സെറിബ്രൽ പാൾസി ദിനം (ഇൻട്രോ)

"ഐക്യത്തോടെ, അതുല്യമായി" എന്ന സന്ദേശവുമായി ഇന്ന് ലോക സെറിബ്രൽ പാൾസി ദിനം. സെറിബ്രൽ പാൾസി ബാധിച്ചവരുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനും അവബോധം വളർത്തുന്നതിനുമായാണ് ദിനാചരണം. ജനനത്തിനു മുൻപോ ജനന സമയത്തോ രണ്ടു വയസിനകമോ രോഗാവസ്ഥ സംഭവിക്കാൻ സാധ്യതയുണ്ടെന്ന് തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ പീഡിയാട്രിക് ന്യൂറോളജിസ്റ്റ് ഡോ: സൗമ്യ സുന്ദരം ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ്)

*******************************

RNUTVPM

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് ബുധനാഴ്ച മുതൽ മഴ വീണ്ടും ശക്തി പ്രാപിക്കും. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മറ്റെന്നാൾ മഞ്ഞ ജാഗ്രത നൽകി. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

*******************************

## കോൺഗ്രസ് രാഷ്ട്രീയ സമിതി

ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിലെ പ്രതിഷേധം ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കാൻ കോൺഗ്രസിൻറെ രാഷ്ട്രീയകാര്യ സമിതി ഇന്ന് യോഗം ചേരും. വൈകിട്ട് തിരുവനന്തപുരത്താണ് യോഗം. തദ്ദേശ, നിയമസഭാ തിരഞ്ഞെടുപ്പുകളുടെ ഒരുക്കങ്ങളും ചർച്ചയാകും.

RNU TVPM

*******************************

## ബോക്സിംഗ് ചാമ്പ്യൻഷിപ്പ്

നശാമുക്ത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി ലഹരിക്കെതിരെ കായികലഹരി എന്ന ആശയത്തിൽ കോഴിക്കോട് നടത്തിയ ബോക്സിംഗ് ചാമ്പ്യൻഷിപ്പ് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ഉദ്ഘാടനം ചെയ്തു. കാസർകോട് സ്വദേശി ശരത് രവിയുമായുള്ള മത്സരത്തിൽ കലക്ടർ വിജയിച്ചു.

*******************************

## ഓഹരി - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 344 പോയിന്റ് നേട്ടത്തിൽ 81,522 ലും, ദേശീയ

ഓഹരി സൂചിക  നിഫ്റ്റി 99 പോയിന്റ് ഉയർന്ന് 24,992 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വർദ്ധന. പവന് 1,000 രൂപ വർദ്ധിച്ച് 88,560 രൂപയും ഗ്രാമിന് 11,070 രൂപയുമാണ് ഇന്നത്തെ വില.

******************************

## അന്തരിച്ചു

പ്രശസ്ത നാടക നടൻ വിജയൻ മലാപറമ്പ് കോഴിക്കോട് അന്തരിച്ചു. കലിംഗ തിയറ്റേഴ്സ് ഉൾപ്പടെ നിരവധി നാടക ട്രൂപ്പുകളിൽ പ്രവർത്തിച്ച അദ്ദേഹത്തിന് സംസ്ഥാന സർക്കാരിന്റെ മികച്ച നടനുള്ള പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്.

******************************

## ജയപ്പൂർ തീപിടുത്തം

ജയ്പ്പൂരിലെ സവായ് മാൻ സിംഗ് ആശുപത്രിയിലെ ട്രോമ സെന്ററിൽ തീവ്രപരിചരണ വിഭാഗത്തിൽ ഉണ്ടായ വൻ തീപിടുത്തത്തിൽ ആറ് മരണം. പതിനൊന്ന് രോഗികളെ പ്രവേശിപ്പിച്ച ട്രോമ ഐസിയുവിൽ ഇന്നലെയായിരുന്നു അപകടം. ഷോർട്ട് സർക്യൂട്ടാണ് അപകട കാരണമെന്ന് അധികൃതർ അറിയിച്ചു. സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അതീവ ദുഃഖം രേഖപ്പെടുത്തി.

RNU TVPM

******************************

## ബ്ലൈൻഡ് ഫുട്ബോൾ

ഐ.ബി.എസ്.എ ബ്ലൈൻഡ് ഫുട്ബോൾ വേൾഡ് ചാമ്പ്യൻഷിപ്പിന് കാക്കനാട് യുണൈറ്റഡ് സ്പോർട്സ് സെൻററിൽ തുടക്കമായി. ഇന്ത്യക്ക് പുറമെ ബ്രസീൽ, അർജൻറീന, ഇംഗ്ലണ്ട്,

പോളണ്ട്, തുർക്കി, കാനഡ, ജപ്പാൻ, എന്നീ രാജ്യങ്ങൾ പങ്കെടുക്കുന്നുണ്ട് . ചാമ്പ്യൻഷിപ്പ് ഈ മാസം 11 ന് സമാപിക്കും.

*******************************

## ശിശുക്ഷേമസമിതി - വർണോത്സവം

ശിശുദിനാഘോഷത്തോടനുബന്ധിച്ച് സംസ്ഥാന ശിശുക്ഷേമ സമിതി കുട്ടികൾക്കായി കലാ സാഹിത്യ മത്സരം '**വർണോത്സവം**' സംഘടിപ്പിക്കും. ഈ മാസം എട്ട് മുതൽ 20 വരെയാണ് മത്സരം. നഴ്സറി, അങ്കണവാടി കലോത്സവം 20 ന് നടക്കും. പ്രധാന അധ്യാപകൻറെ സാക്ഷ്യപ്പെടുത്തലോടെ എട്ടിന് മുമ്പ് അപേക്ഷിക്കണം.

RNUTVPM

*******************************

## ബാസ്ക്കറ്റ്ബോൾ ചാമ്പ്യൻഷിപ്പ്

സംസ്ഥാന ബാസ്ക്കറ്റ്ബോൾ ചാമ്പ്യൻഷിപ്പ് നാളെ കുന്ദംകുളത്ത് ആരംഭിക്കും. ലീഗ് കം നോക്കൗട്ട് അടിസ്ഥാനത്തിൽ നടക്കുന്ന ടൂർണമെന്റിൽ പുരുഷ വിഭാഗത്തിൽ 14 ടീമുകളും, വനിതാ വിഭാഗത്തിൽ 12 ടീമുകളും പങ്കെടുക്കും.

****************************** ******************************

*******************************